# 2016 ഫെബ്രുവരി 14 തിരുബാലസഖ്യദിനം

*Prot. No.04/2016/Cir.*

വന്ദ്യ വൈദികരെ, സന്ന്യസ്തരെ, വത്സല മക്കളെ,

ആഗോള കത്തോലിക്കാസഭ എല്ലാ വർഷവും തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായാറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തീയതിയാണ്. ബാലനായ യേശുവിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, അവശരും, ദരിദ്രരും, അനാഥരും, നീതി ലഭിയ്ക്കാത്തവരുമായ കുട്ടികളുടെ ഉന്നമനത്തിനായി സ്ഥാപിയ്ക്കപ്പെട്ടതാണ് തിരുബാലസഖ്യം. സഖ്യത്തിലെ എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അനുഗ്രഹവും ആശംസകളും.

തിരുബാലസഖ്യ ദിനത്തോടനുബന്ധിച്ച് ബഹുതല ചിന്തകളാണ് നമ്മുടെ വിചിന്തനത്തിനായി തിരുസഭ നൽകുന്നത്. ഓരോ കുട്ടിയും അവന്റെ കഴിവിനനുസൃതമായി അവശരും ദരിദ്രരുമായ കുട്ടികൾക്ക് ആവശ്യമായവ ദാനമായി നൽകുക എന്ന കരുണയുടെ പാഠമാവണം കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ കുട്ടികളുടെ ചിന്തകളിൽ പതിയേണ്ടത്. നമ്മുടെ പൊതുഗൃഹത്തിന്റെ നന്മകൾക്ക് നാം മാത്രമല്ല അവകാശികളെന്നും പങ്കുവയ്ക്കുകയെന്നത് ഔദാര്യമല്ല കടമയാണെന്നും കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കേണ്ട ദിവസമാണിന്ന്. നസ്രത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാവണം.

യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കു വേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾപോലെയാകണം. മാതാപിതാക്കൻമാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢതയും സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടുചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചു കാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവ കല്പനയായി നാം തിരിച്ചറിയണം. 'ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ' എന്ന ചോദ്യം മുതിർന്നവർ തിരിച്ചറയിാതെ പോകരുത്. ഓരോ കുട്ടിയ്ക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടി വരുന്നത് നാം തിരിച്ചറിയണം. ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിങ്ങനെയുള്ള ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗം കൊണ്ടുള്ള

ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും, കത്തോലിക്ക വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കാനും ക്രിസ്തുചൈതന്യത്തിൽ വളരാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും കുട്ടികളെ പഠിപ്പിക്കുകയും, പൈശാചികവും വഴിതെറ്റിക്കുന്നതുമായ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നിൽക്കാനും, പ്രവർത്തിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളെ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻമുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

പൈതൃകാശിസ്സുകളോടെ,

ഈശോ മറിയത്തിൽ,

08-02-2016

✠ സ്റ്റാൻലി റോമൻ

കൊല്ലം മെത്രാൻ

---

***NB:*** *ഈ ഇടയലേഖനം 2016 ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.*